# ബി.എ.ആർ. ഹയർസെക്കന്ററി സ്കൂൾ
## ബോവിക്കാനം

# വെളിച്ചം

# അക്കാദമിക് മാസ്റ്റർ പ്ലാൻ




മുളിയാർ ഗ്രാമപഞ്ചായത്ത്
കാസറഗോഡ് സബ്ജില്ല

ഫോൺ : 04994 250780
Email :principal14028barhss@gmail.com

# ബി.എ.ആർ.എച്ച്.എസ്.എസ്.
# ബോവിക്കാനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025**

# ആമുഖം

ജില്ലാ ആസ്ഥാനമായ കാസറഗോഡ് പട്ടണത്തിൽ നിന്ന് 15 കിലോമീറ്ററോളം അകലെയാണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹയർസെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളിലായി ആയിരത്തോളം കുട്ടികളും, 51 അധ്യാപകരും, 7 അനധ്യാപകരും ഉണ്ട്. ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളിലായി മലയാളം, കന്നഡ മീഡിയം ക്ലാസുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എസ്.ആർ.ജി കളും, സബ്ജക്ട് കൗൺസിലും സജീവമായി പ്രവർത്തിക്കുന്നു. ഹയർസെക്കന്ററിയിൽ നാഷണൽ സർവ്വീസ് സ്കീം (NSS), അഡീഷണൽ സ്കിൽ അക്വിസഷൻ പ്രോഗ്രാം (ASAP), കരിയർ ഗൈഡൻസ് ക്ലബ്ബ്, സൗഹൃദ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഹൈസ്കൂൾ തലത്തിൽ ജെ.ആർ.സി യൂണിറ്റ് എന്നിവ സജീവമായി പ്രവർത്തിച്ചു വരുന്നു. വിവിധ മേളകളിൽ സംസ്ഥാന തലം വരെ മികവാർന്ന പ്രവർത്തനം കാഴ്ച വയ്ക്കുവാൻ വിദ്യാലയ പ്രതിഭകൾക്ക് സാധിക്കുന്നുണ്ട്. പോയവർഷങ്ങളിൽ ഹയർസെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളിലെ മികച്ച വിജയം നേടിയ സ്കൂളുകളുടെ പട്ടികയിൽ നമ്മുടെ സ്കൂളും ഉൾപ്പെടുന്നു. കായിക രംഗത്ത് ദേശിയ തലത്തിൽ വരെ ശ്രദ്ധിക്കപ്പെട്ട വിദ്യാർത്ഥികൾ നമുക്കുണ്ട്. സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസപരമായും, പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളാണ് ഭൂരിഭാഗവും; അതുകൊണ്ട് തന്നെ ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള വീടുകളിലെ പ്രവർത്തനങ്ങൾ തീർത്തും നിരാശാജനകമാണ്. വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും, ഭൗതിക മേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ഉച്ചഭക്ഷണ പദ്ധതി നന്നായി നടക്കുന്ന വിദ്യാലയത്തിൽ പക്ഷേ വിശാലമായ ഒരു അടുക്കളയും, ഭക്ഷണശാലയും ഇല്ല. ക്ലാസ് മുറികളുടെ എണ്ണത്തിലേക്കുള്ള കുറവ്, ഫർണ്ണിച്ചറുകളുടെ അപര്യാപ്തത, വിശാലമായ ലൈബ്രറി ഇല്ലായ്മ തുടങ്ങിയവയെല്ലാം, അക്കാദമിക മേഖലയെ പിന്നോട്ട് നയിക്കുന്ന ഘടകങ്ങൾ തന്നെയാണ്. ഉള്ളടക്കത്തിലും, പ്രയോഗത്തിലും, സമീപനത്തിലും, സാമൂഹിക കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന നിലവിലെ പാഠ്യപദ്ധതിക്ക് അനുഗുണമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് വേണ്ടി തയ്യാറാക്കിയിരിക്കുന്നത്.

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പുനർവായന | 4 |
| 2. | നവസങ്കല്പങ്ങൾ | 6 |
| 3. | ലക്ഷ്യങ്ങൾ | 9 |
| 4. | തനത് പ്രവർത്തനങ്ങൾ | 10 |
| | വെളിച്ചം | 10 |
| | ഗണിത പുലരി | 12 |
| | ലൈബ്രറി നവീകരണം | 13 |
| | ലാബ് നവീകരണം | 16 |
| | കുട്ടിയെ അറിയാൻ | 19 |
| | സൗഹൃദ ക്ലബ് | 22 |
| 5. | അക്കാദമിക പ്രവർത്തനങ്ങൾ | 23 |
| | മലയാള ഭാഷ | 24 |
| | അറബിക്ക് | 29 |
| | കന്നട | 34 |
| | ഹിന്ദി | 38 |
| | ഇംഗ്ലീഷ് | 41 |
| | ശാസ്ത്രം | 44 |
| | സാമൂഹ്യശാസ്ത്രം | 53 |
| | ഗണിതം | 71 |
| | കായിക പരിശീലനം | 73 |
| | ആർട്ട് | 76 |
| 6. | ഉപസംഹാരം | 78 |

# പുനർവായന

ഒരു പ്രദേശത്തിന്റെ സമസ്ത മണ്ഡലങ്ങളിലുമുള്ള വികാസത്തെ അടയാളപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ചരിത്രത്തിന് പ്രഥമ പരിഗണനയുണ്ട്. തുടർന്നുള്ള പത്തുവർഷവിദ്യാലയവികസന പദ്ധതി തയ്യാറാക്കുമ്പോൾ മുളിയാറിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോട്ടം അനിവാര്യമാണ്.

മലയാളം, കന്നട, തുളു, കൊങ്കണി, മറാത്തി, ഹിന്ദി, ഉറുദു തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന ആളുകൾ ഇവിടെയുണ്ട്. വളരെ പണ്ടുകാലത്ത് ഇവിടുത്തെ പഠനഭാഷ കന്നടയായിരുന്നു. പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രഭുക്കന്മാരുടെയോ ഇട പ്രഭുക്കന്മാരുടെയോ മേൽനോട്ടത്തിലായിരുന്നു നടന്നുവന്നിരുന്നത്. ഏതാണ്ട് 1930 വരെയുള്ള കാലഘട്ടത്തിലെ അവസ്ഥയാണിത്. ഇന്ത്യൻ സ്വാതന്ത്ര്യ കാലഘട്ടം വരെ എഴുത്തു തറവാടുകൾ ആയിരുന്നു പ്രധാന വിദ്യാകേന്ദ്രങ്ങൾ ഓർമ്മകളുടെ ഏടുകളാണ്.

1945 ൽ കോട്ടൂരിൽ കന്നട മീഡിയത്തിൽ ആരംഭിച്ച സ്കൂളിലൂടെയാണ് മുളിയാറിന്റെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത്. വിജ്ഞാന ദാഹികളായിരുന്ന നാട്ടുകാരുടെ അശ്രാന്തപരിശ്രമത്താൽ 1952 ൽ ഇരിയണ്ണിയിൽ മറ്റൊരു പ്രൈമറി സ്കൂൾ പ്രവർത്തനം തുടങ്ങി. 1953 ൽ ബോവിക്കാനത്തും വിദ്യാലയം പ്രവർത്തനമാരംഭിച്ചു. 1960 കളോടുകൂടി മുളിയാർ പഞ്ചായത്തിന്റെ പല മേഖലകളിലും ഔപചാരിക സാർവ്വത്രിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ തുടങ്ങി. ഇവയിൽ പലതും ദേശത്തെ തറവാടുകളിൽ നടന്നിരുന്ന എഴുത്തുപുരകൾ പരിണമിച്ചുണ്ടായവയാണ്. അവയിൽ പലതും യു.പി. സ്കൂളായി കാലാന്തരത്തിൽ ഉയർത്തപ്പെടുകയും ചെയ്തു.

മുളിയാർ പ്രദേശത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചവരിൽ പ്രഥമ സ്മരണീയരാണ് ഏനപ്പുഴ മൊയ്തീൻ ഹാജിയും, ശ്രീ. ബയലിൽ അബ്ദുൾ റഹിമാൻ ഹാജിയും, അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. ബയലിൽ മുഹമ്മദ് ഹാജിയും അദ്ദേഹത്തിന്റെ മകൻ ശ്രീ. അബ്ദുൽ റഹിമാൻ ഹാജിയും. 1953 ൽ അദ്ദേഹം ആരംഭിച്ച പ്രൈമറി സ്കൂളും, 1976ൽ ശ്രീ. ബയലിൽ അബ്ദുൾ റഹ്മാൻ ഹാജിയുടെ നാമധേയത്തിൽ ആരംഭിച്ച ബി.എ.ആർ. ഹൈസ്കൂളും കൃതഹസ്തരായ അധ്യാപക വൃന്ദത്തിന്റെ പ്രവർത്തനത്തിലൂടെ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാകേന്ദ്രങ്ങളായി വളർന്നു.

ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ താണ്ടിയിരുന്ന നാട്ടുകാർക്ക് വീട്ടുമുറ്റത്ത് ലഭിച്ച വിദ്യാനിധിയായിരുന്നു ഈ വിദ്യാലയം. കന്നട മീഡിയത്തിൽ ഒരു ക്ലാസ് മുറിയിൽ ആരംഭിച്ച ഈ വിദ്യാകേന്ദ്രം ഇന്ന് ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന 2000ത്തിൽ ആരംഭിച്ച ഹയർസെക്കണ്ടറിതലം വരെ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നടക്കുന്നു. പ്രദേശത്തെ മഹത്വ്യക്തികളുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നിറസാ

ന്നിദ്ധ്യമായി നിലനിൽക്കുന്നു എന്നത് ശുഭോദാർക്കമായ കാര്യമാണ്. സ്വാതന്ത്ര്യസമര സേനാനിയും മുൻ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന മേലത്ത് നാരായണൻ നമ്പ്യാർ, പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന പി.ടി. അബ്ദുല്ല ഹാജി, കെ. നാരായണൻ നായർ, ബി. ഉമ്മർ, ചേക്കോട് ബാലകൃഷ്ണൻ നായർ, മറിയുമ്മ അബ്ദുൾ ഖാദർ, സുലൈ മാൻ, ശ്രീമതി ഭവാനി തുടങ്ങിയവരുടെ സേവനങ്ങൾ ഇതിന് ദൃഷ്ടാന്തമാണ്.

അക്കാദമിക തലങ്ങളിൽ ഉന്നതനിലവാരം പുലർത്തിയിരുന്ന ഈ സ്ഥാപനം കലാ -കായിക മത്സരങ്ങൾ, ശാസ്ത്ര-ശാസ്ത്രേതര മത്സരങ്ങൾ തുടങ്ങിയവയിലെല്ലാം സംസ്ഥാനതലത്തിൽ തന്നെ ഉന്നതവിജയം കരസ്ഥമാക്കിവരുന്നു. ദിനാചരണങ്ങളും, മറ്റ് ആഘോഷങ്ങളും കൃത്യമായി സംഘടിപ്പിച്ച് നാടിന്റെ സ്വത്വവും സംസ്കാരവും തിരിച്ചറിയുന്ന, അവ ജീവിതത്തിൽ പകർത്തുന്ന തലമുറകളെ വാർത്തെടുക്കാൻ അക്ഷീണം പരിശ്രമിച്ചുവരുന്നു. അനേകം പരിമിതികൾക്കിടയിൽ പ്രവർത്തിച്ചുകൊ ണ്ടാണ് ഇത്തരം നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിച്ചത്. ഭൗതികവും അക്കാദമികവും സാമൂഹ്യപരവുമായ മുന്നേറ്റത്തിന്റെ പടവുകൾ ചവിട്ടിക്കയറാനുണ്ട്. സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനം സാധ്യാമാവണമെങ്കിൽ സമൂഹത്തിന്റെ സമസ്ത രംഗങ്ങളിലുമു ള്ളവരുടെ കൂട്ടായ്മ അത്യന്താപേക്ഷിതമാണ്. വരാനിരിക്കുന്ന സുദിനങ്ങൾ ഈ ലക്ഷ്യ പൂർത്തിക്കുവേണ്ടിയാവട്ടെയെന്നും വിദ്യാലയചരിത്രത്തിൽ മറ്റൊരു പൊന്നേടുകൂടി തുന്നിച്ചേർക്കാൻ ഇതിലൂടെ കഴിയുമെന്നും നമുക്ക് പ്രത്യാശിക്കാം.

# നവസങ്കല്പങ്ങൾ

കാലഘട്ടത്തിനനുസൃതമായ വിദ്യാഭ്യാസ പദ്ധതിയിലൂടെ മാത്രമേ സമൂഹത്തിന് പുരോഗമിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ പരിഷ്കാരങ്ങൾക്കും നവീകരണത്തിനും ഈ മേഖല വിധേയമായിക്കൊണ്ടിരിക്കുന്നു. പുതിയ ലോകത്ത് ജീവിതവിജയം നേടാൻ ഗുണമേന്മയിലധിഷ്ഠിതമായ വിദ്യാഭ്യാസ പദ്ധതി കൂടിയേതീരൂ.

വിദ്യാലയം അധ്യാപകരുടെയോ കുട്ടികളുടെയോ രക്ഷിതാക്കളുടെയോ മാത്രമല്ല; നാടിന്റേതാണ്. ഈ വിശാലസങ്കല്പത്തിൽ നിന്നാണ് നവകേരളമിഷന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ദീർഘവീക്ഷണത്തോടുകൂടി സമഗ്രഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കണമെന്ന നിർദ്ദേശം ഈ പശ്ചാത്തലത്തിലാണ് വായിച്ചെടുക്കേണ്ടത്. പത്തുവർഷംകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടപ്പിൽവരുത്തേണ്ട പദ്ധതിയുടെ രൂപരേഖയാണിത്. വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹമാണ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. കൃത്യതമായ മാനദണ്ഡങ്ങളിലൂടെ വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തി സാമൂഹ്യപരിശോധന നടത്തുന്ന ഒരു രീതിശാസ്ത്രമാണിത്.

സമൂഹത്തിന്റെ മനോഭാവം മാറിയേ തീരൂ. ജനാധിപത്യ പരിതസ്ഥിതിയിൽ സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ വിദ്യാഭ്യാസ സംസ്കാരത്തിന്റെ .... പിടിയും മാറ്റിയെടുക്കുക. ഇതിന്റെ ആവശ്യകതാബോധവും മനോഭാവവും വളർത്തിക്കൊണ്ടുവരേണ്ടത് നമ്മുടെ കടമയാണ്. അതിനുവേണ്ടി പഠനരീതി, ഉള്ളടക്കം, നവമൂല്യനിർണയ ശൈലി, കൃത്യമായ അധ്യാപക പരിശീലനം, മികവാർന്ന പഠനാനുഭവങ്ങൾ, വിമർശനം, സ്വയം വിമർശനവും വിലയിരുത്തലും, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ യുക്തസഹമായ ഉപയോഗം, കലാകായികരംഗം തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥിയുടെ അതുവഴി സമൂഹത്തിന്റെ സമഗ്ര വ്യക്തിത്വ വികാസമാണ് നവവിദ്യാഭ്യാസ സങ്കല്പം ലഭ്യമാക്കുന്നത്.

ഏതൊരു സ്വപ്നപദ്ധതിയും സമയബന്ധിതമായി നടപ്പിൽവരുത്തേണ്ടത് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്. അതായത് ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങൾ, രക്ഷിതാക്കൾ, അധ്യാപകർ, വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘം, യുവജന മഹിളാ സംഘടനകൾ, തൊഴിലാളി സംഘടനകൾ, പെൻഷൻകാർ തുടങ്ങി സമൂഹമാകെയാണ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. ജനകീയ മുന്നേറ്റം അവിഭാജ്യമായിത്തീരുന്നത് ഇവിടെയാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സഫലീകരണ ചിത്രം എങ്ങനെയാവണം? സ്വപ്നപദ്ധതികൾ യാഥാർത്ഥ്യമാവുമ്പോൾ വിജ്ഞാനത്തിന്റെ ഉന്നതങ്ങളി

ലെത്താൻ സഹായകമായ പഠനാനുഭവങ്ങൾ, അവസരതുല്യത, സാമൂഹ്യനീതി, ഗുണമേന്മ, കളിസ്ഥലങ്ങൾ, ഹൈടെക് ആയ ക്ലാസ് മുറികൾ, ജൈവവൈവിധ്യങ്ങൾ നിറഞ്ഞ വിദ്യാലയാന്തരീക്ഷം, ക്യാംപസ് തന്നെ ഒരു പാഠപുസ്തകമാവുന്ന അവസ്ഥ, കൊഴിഞ്ഞുപോക്കില്ലാത്ത ഏവരും മുഖ്യധാരയിലൂടെ മുന്നേറുന്ന അവസ്ഥ, കൈത്താങ്ങ് നൽകേണ്ടുന്ന ദുർബലവിഭാഗങ്ങൾ, ലഹരിവിരുദ്ധ മനോഭാവമുൾക്കൊണ്ട പുതുതലമുറ അങ്ങനെ സമത്വസുന്ദരമായ ഐശ്വര്യസമ്പന്നമായ സമൂഹനിർമ്മിതി എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് നാമെത്തിച്ചേർന്നിരിക്കും. ഇതിന്റെ ആദ്യപടിയായി സംസ്ഥാനത്തെ 1000 സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള ജൈവീകമായ വികസന പദ്ധതികൾക്ക് അനുരോധമാംവിധം പുതിയ കർമ്മപദ്ധതികളിലേക്ക്.. ഏവരും മുന്നോട്ടുവരിക. ഇത് എനിക്കുവേണ്ടിയാണ്, എന്റെ നാടിനുവേണ്ടിയാണ്, വിദ്യാലയം എന്റേതാണ്, എന്റെ നാടിന്റേതാണ് എന്ന ചിന്തയോടെ ഞാൻ ഞങ്ങളും പിന്നീട് നമ്മളുമായിത്തീരുന്ന പരിവർത്തനത്തിന്റെ പുത്തനധ്യായങ്ങൾ രചിക്കാൻ നമുക്കൊരുമിച്ച് നീങ്ങാം.

## പദ്ധതി രൂപീകരണ പ്രക്രിയ

ബോവിക്കാനം ബി.എ.ആർ. ഹൈസകൂൾ പദ്ധതിരേഖ രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ 2017 മെയ് മാസം തന്നെ ആരംഭിച്ചു. അതിനായി ബോവിക്കാനത്തും പരിസരപ്രദേശത്തുമുള്ള രാഷ്ട്രീയ സാമൂഹിക, മതസ്ഥാപന മേധാവികളെയും അധ്യാപക വിദ്യാർത്ഥി പ്രതിനിധികളെയും മുൻ പി.ടി.എ. പ്രസിഡന്റുമാരെയും ക്ഷണിച്ച് യോഗം ചേർന്നു. യോഗത്തിൽ വെച്ച് വിദ്യാലയ വികസന സമിതി രൂപീകരിച്ചു.

ഈ സമിതിയുടെ ഒരു യോഗം ജൂണിൽ ചേരുകയും പദ്ധതിയുടെ ചർച്ചയ്ക്കായി മൂന്ന് ഉപസമിതികൾ രൂപീകരിച്ചു. അക്കാദമികം, ഭൗതികം, സാമൂഹികം. തുടർന്ന് ഈ മൂന്ന് ഉപസമിതികളും യോഗം ചേർന്ന് പദ്ധതിരേഖയുടെ കരട് ചർച്ച നടത്തുകയും ചെയ്തു. അതിന്റെ വെളിച്ചത്തിലാണ് ഈ കരട് വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

## നിലവിലെ അവസ്ഥാ വിശകലനം

വിദ്യാലയത്തിൽ നിലവിൽ 17 മലയാളം മീഡിയം ഡിവിഷനുകളും 3 കന്നഡ മീഡിയം ഡിവിഷനുകളും, ഹയർ സെക്കണ്ടറിയിൽ 2 സയൻസ്, 1 ഹ്യുമാനിറ്റീസ് എന്ന തോതിൽ 26 ക്ലാസ് ഡിവിഷനുകൾ പ്രവർത്തിക്കുന്നു. വിദ്യാലയത്തിൽ മൊത്തം ആയിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. ഹൈസ്കൂൾ ക്ലാസിന് ഓട് മേഞ്ഞ 20 ക്ലാസ്മുറികളും ഹയർസെക്കണ്ടറിക്ക് മൂന്ന്നില കോൺക്രീറ്റ് കെട്ടിടവും ഉണ്ട്. ഹയർ സെക്കണ്ടറി കെട്ടിടം മുഴുവൻ വൈദ്യുതീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ കമ്പ്യൂട്ടർ ലാബിൽ 12 പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളും ഉണ്ട്. സർക്കാർ കണക്ക് പ്രകാരമുള്ള ക്ലാസ്മുറി

കളും അടിസ്ഥാനമായുള്ള ചില ലാബ് മെറ്റിരിയലുകളും വായനപുസ്തകങ്ങളും കുട്ടിയുടെ പഠനത്തിനായി നാം വിനിയോഗിക്കുന്നു. ഹൈസ്കൂളിൽ 8, 9, 10 ക്ലാസുകൾ പരിമിതികളിൽ നിന്നുകൊണ്ട് നന്നായി കൈകാര്യം ചെയ്യുന്നു. സബ്ജക്ട് കൗൺസിലുകളും, എസ്.ആർ.ജി.കളും സജീവമായി പ്രവർത്തിക്കുന്നു. സ്കൂളിലെ വിവിധ ക്ലാസുകളുടെ പ്രവർത്തനം സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ജെ.ആർ.സി.യുടെ ഒരു യൂണിറ്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്നു. ഹയർസെക്കണ്ടറിയിലെ എൻ.എസ്.എസ്., അസാപ്പ് പ്രവർത്തനം ഉയർന്ന നിലവാരം പുലർത്തുന്നു.

വിദ്യാലയത്തിലെ ക്ലാസ് മുറികൾ ഹൈടെക്കായി മാറേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതുപോലെ മികവാർന്ന ലാബ്, ലൈബ്രറി നവീകരണവും കമ്പ്യൂട്ടർ ലാബ് നവീകരണവും അത്യന്താപേഷിതമാണ്. എല്ലാ കുട്ടികൾക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പഠനം ഉറപ്പുവരുത്താൻ നൂതന സാങ്കേതിക മികവ് അധ്യാപകരുടെ പഠനപ്രവർത്തനത്തിൽ ഉറപ്പാക്കണം. അതിന് മുൻപ് പറഞ്ഞ കാര്യങ്ങൾ അത്യന്താപേഷിതമാണ്.

മറ്റ് ഏജൻസി പ്രവർത്തനം സ്കൗട്ട്/ഗൈഡ്, എസ്.പി.സി., എൻ.സി.സി. പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ ആരംഭിക്കുന്നത് വിദ്യാലയ വികസനത്തിന് അത്യന്താപേക്ഷിതമാണ്. കായികക്ഷമതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് നല്ലൊരു കായിക മുന്നേറ്റം വിദ്യാലയത്തിന് വേണം. അതുപോലെ കലാപഠനം, നാടിന്റെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കാനും അനിവാര്യമാണ്. ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തിപരിചയ പഠനം നാടിന്റെ സാമൂഹിക പശ്ചാത്തലം തന്നെ മാറ്റിമറിക്കുന്നതാണ്.

ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ 10 വർഷത്തിനുള്ളിൽ ശാസ്ത്രീയമായ ഒരു വിദ്യാലയ കെട്ടിടം ഇവിടെ ഉണ്ടാവേണ്ടതുണ്ട്. വിദ്യാലയത്തിനും എല്ലാ കുട്ടികൾക്കും ആധുനിക സംവിധാനത്തോടെയുള്ള ടോയ്‌ലറ്റുകളും, അസംബ്ലി ഹാൾ, ഭക്ഷണപുര, പ്ലേ ഗ്രൗണ്ട്, സ്മാർട്ട് ക്ലാസ് റൂം, ചുറ്റുമതിൽ, സജ്ജീകരിച്ച ഓഫീസ് മുറി, സ്റ്റാഫ് റൂം മുതലായവും വിദ്യാലയത്തിൽ ആവശ്യമാണ്.

സാമൂഹികമായ മാറ്റത്തിനായി നിലവിൽ പി.ടി.എ. മാത്രമേ നമുക്ക് ഉള്ളൂ. അതിലുപരി എം.പി.ടി.എ., എസ്.എം.സി., എസ്.എസ്.ജി., കോർണർ ഗ്രൂപ്പ്, ഒ.എസ്.എ.എന്നിവയുടെ രൂപീകരണവും പ്രവർത്തനവും സജീവമാക്കേണ്ടതുണ്ട്. ഇതിലൂടെ സമൂഹത്തിലെ നന്മകളെ വിദ്യാലയത്തിൽ പ്രതിഫലിപ്പിക്കുന്നതിനും തിന്മകളെ വിദ്യാലയത്തിൽ നിന്നകറ്റി കുട്ടികൾക്ക് ബോധവൽക്കരണം നടത്തി നല്ലൊരു സാമൂഹിക മാറ്റം ഉണ്ടാക്കാൻ നമുക്ക് സാധിക്കും.

# ലക്ഷ്യങ്ങൾ

1. കുട്ടിയെ അംഗീകരിക്കുന്നതും വിശ്വാസത്തിൽ എടുക്കുന്നതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ.
2. കുട്ടിയുടെ പ്രകൃതം, പ്രായം, താല്പര്യം, കാഴ്ചപ്പാട് എന്നിവയെ മാനിച്ചുകൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ കണ്ടെത്തുക.
3. ചുറ്റുപാടുകളെ കണ്ടും കേട്ടും അറിഞ്ഞും അറിവ് നിർമ്മിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ രൂപീകരിക്കുക.
4. കുട്ടികളിൽ ജനാധിപത്യ മതേതരത്വ കാഴ്ചപ്പാട് ഉണ്ടാക്കുക.
5. കുട്ടികളിൽ പരിസ്ഥിതി അവബോധം ഉണ്ടാക്കുക.
6. കുട്ടികളിൽ ലിംഗനീതി ഉറപ്പാക്കുക.
7. സ്നേഹം, അനുതാപം, സഹകരണം, സഹവർത്തിത്വം തുടങ്ങിയ മൂല്യങ്ങൾ ഉറപ്പുവരുത്തുക.
8. വിദ്യാഭ്യാസത്തോടൊപ്പം ജീവിതനൈപുണി വികാസം ലക്ഷ്യംവെച്ചുകൊണ്ട് തൊഴിൽ അഭിരുചി (കരകൗശല വൈദഗ്ധ്യം) വർദ്ധിപ്പിച്ച് വിദ്യാഭ്യാസത്തെ ജീവിതോപാധിയാക്കി മാറ്റുക എന്ന ഗാന്ധിയൻ ദർശനത്തെ സാക്ഷാത്കരിക്കുക.
9. വിദ്യാലയ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന വ്യത്യസ്തജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം നേരിട്ട് കണ്ട് പഠിച്ച് മെച്ചപ്പെടുത്തുന്നതിനും ജനാധിപത്യബോധം വളർത്തി സാമൂഹിക ഉന്നമനത്തെ ലക്ഷ്യംവെയ്ക്കുന്നതിന്.
10. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ സ്വാധീനവും (ന്യൂജൻമീഡിയ) നന്മതിന്മകളും തിരിച്ചറിഞ്ഞ് മാധ്യസംസ്കാരം ബോധ്യപ്പെടുത്തുന്നതിന്.
11. പ്രകൃതിയാണ് ഉത്തമ പാഠപുസ്തകം എന്ന ലക്ഷ്യം മുൻനിർത്തി മണ്ണും ജലവും വായുവും ശുദ്ധമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ.
12. 'ലഹരിവിമുക്ത' സമൂഹസൃഷ്ടിക്ക് ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ലക്ഷ്യബോധമുള്ള യുവതയെ വാർത്തെടുക്കൽ.

# ലൈബ്രറി നവീകരണം

**ലക്ഷ്യം**

- കുട്ടികളുടെ വായന മെച്ചപ്പെടുത്താൻ
- കുട്ടികൾക്ക് വായിക്കുന്നതിന്റെ ആനന്ദം ബോധ്യപ്പെടുത്താൻ
- പ്രാദേശിക വിഭവങ്ങളെ ഉപയുക്തമാക്കാൻ

**നടത്തുന്ന പ്രവർത്തനങ്ങൾ**

- നല്ലൊരു ലൈബ്രറി റൂം സജ്ജീകരിക്കുക
- കൃത്യമായ പുസ്തകവിതരണം ഉറപ്പുവരുത്തുക
- വായനാകുറിപ്പുകൾക്ക് പ്രോത്സാഹനം നൽകുക
- അസംബ്ലിയിൽ ഒരു പുസ്തകം കൈമാറുന്ന പ്രവർത്തനം ആരംഭിക്കുക
- പ്രാദേശികമായി പുസ്തക ശേഖരണ പരിപാടികൾ നടത്തുക
- ഇ-ലൈബ്രറി സജ്ജീകരിക്കുക
- റഫറൻസ് ലൈബ്രറി യാഥാർത്ഥ്യമാക്കുക
- കമ്പ്യൂട്ടേഷൻ പരിപാടികൾക്ക് സഹായിക്കുന്ന പുസ്തകങ്ങൾ ലൈബ്രറിയിൽ സൂക്ഷിക്കുക.

ചുമതല : ലൈബ്രറി ചാർജ്ജുള്ള അധ്യാപകൻ

സാമ്പത്തികം : പുതിയ പുസ്തകങ്ങൾ, റൂം നിർമ്മാണം, ഫർണ്ണിച്ചർ നിർമ്മാണം

കാലയളവ് : രണ്ട് വർഷത്തിനുള്ളിൽ

<u>വായനമുറി</u>

**ലക്ഷ്യം**

- ദൈനംദിന ലോക സംഭവ വികാസങ്ങൾ കുട്ടികളിൽ എത്തിക്കാൻ
- സാമൂഹിക ബോധം കൃത്യനിഷ്ഠമാക്കാൻ

**നടത്തുന്ന പ്രവർത്തനങ്ങൾ**

- എല്ലാവിധ പത്രമാസികകളും വായനാമുറിയിൽ ലഭ്യമാക്കുക, സൂക്ഷിക്കുക
- 50 കുട്ടികൾക്ക് ഒരേസമയം ഇരുന്ന് വായിക്കാനുള്ള സൗകര്യം ഒരുക്കുക
- സ്പോൺസർഷിപ്പിലൂടെ പത്രമാസികകൾ കണ്ടെത്തുക.
- ആഴ്ചക്വിസ് സംഘടിപ്പിക്കുക

ചുമതല : ലൈബ്രറി ചാർജ്ജ് അധ്യാപകർ, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്

സാമ്പത്തികം : കുട്ടികൾക്ക് ഇരിക്കാനുള്ള ഫർണ്ണീച്ചർ, റൂം,
പത്രമാസികകളുടെ വരിസംഖ്യ

കാലയളവ് : രണ്ട് വർഷത്തിനുള്ളിൽ

# ലാബ് നവീകരണം

## ആധുനികശാസ്ത്ര ലാബ്

**ലക്ഷ്യം**

- ശാസ്ത്രപഠനം കുട്ടികൾക്ക് അനുഭവഭേദ്യമാക്കാൻ
- പരീക്ഷണ/നിരീക്ഷണത്തിലൂടെ പുതിയ അറിവ് സമ്പാദിക്കാനും കുട്ടിയുടെ ആത്മവിശ്വാസം വളർത്താനും.

**നടത്തുന്ന പ്രവർത്തനം**

- ലാബിലേക്ക് വേണ്ടുന്ന സാധനങ്ങൾ വിഷയാടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുക.
- ലാബ് സാധനങ്ങൾ വാങ്ങാൻ സർക്കാർ ഏജൻസികളുടെ സഹായം തേടുക (എസ്.എസ്.എ./ആർ.എം.എസ്.എ)
- കുട്ടിക്ക് സ്വയം പരീക്ഷണ നിരീക്ഷണങ്ങൾ ചെയ്യാൻ ഉതകുന്ന രീതിയിൽ റൂം, ഫർണീച്ചർ സെറ്റ് ചെയ്യുക.
- ഇന്നോവേറ്റീവ് ആയ വസ്തുക്കൾ കുട്ടികളുടെ വർക്ക്ഷോപ്പുകൾ നടത്തി ഉണ്ടാക്കുക.
- റഫറൻസ് ഗ്രന്ഥങ്ങൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിക്കുക.

ചുമതല : ശാസ്ത്ര അധ്യാപകർ, പി.ടി.എ., മാനേജ്മെന്റ്

സാമ്പത്തികം : ലാബ് റൂം, ഫർണീച്ചർ, ലാബ് മെറ്റീരിയൽസ്

കാലയളവ് : മൂന്ന് വർഷത്തിനുള്ളിൽ

## ആധുനിക ഗണിത ലാബ്

**ലക്ഷ്യങ്ങൾ**

- ഗണിത പഠനം ആസ്വാദ്യകരമാക്കാൻ
- പ്രവർത്തനങ്ങൾ ചെയ്ത് മനസ്സിലാക്കാൻ
- അമൂർത്തങ്ങളായ ഗണിതാശയങ്ങളെ മൂർത്തങ്ങളാക്കാൻ

**നടത്തുന്ന പ്രവർത്തനങ്ങൾ**

- ഇന്നോവേറ്റീവ് ആയി കുട്ടികളുടെ ഗണിതക്ലാസ് പ്രവർത്തനങ്ങളിലൂടെ ലാബ് വസ്തുക്കൾ ഉണ്ടാക്കുന്നു.
- കുട്ടിക്ക് സ്വയം ചെയ്ത് നോക്കി പഠിക്കുന്ന തരത്തിലേക്ക് ലാബിനെ വളർത്തുന്നു.
- കുട്ടിക്ക് സ്വയം ചെയ്ത് നോക്കാൻ ഉതകുന്ന ലാബ്റൂം, ഫർണീച്ചർ
- റഫറൻസ് ഗ്രന്ഥങ്ങൾ

ചുമതല : ഗണിതശാസ്ത്ര അധ്യാപകർ

സാമ്പത്തികം : റൂം, ഫർണീച്ചർ, മെറ്റീരിയൽസ്

കാലയളവ് : രണ്ട് വർഷത്തിനുള്ളിൽ

## സാമൂഹ്യശാസ്ത്ര ലാബ്

**ലക്ഷ്യം**

- സാമൂഹ്യശാസ്ത്ര ആശയങ്ങൾ കുട്ടിക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ

**നടത്തുന്ന പ്രവർത്തനങ്ങൾ**

- Map, Glob മാതൃകകൾ കുട്ടിക്ക് സ്വയം പരിശോധിച്ച് ബോധ്യപ്പെടാനുള്ള അവസരം.
- ചാർട്ടുകൾ, മാതൃകകൾ ഇവ ഇന്നോവേറ്റീവ് ആയി നിർമ്മിക്കുന്നു.
- മൊബൈൽ ലാബ് സാധനങ്ങൾ
- ലാബ് റൂം കുട്ടികൾക്ക് സ്വയം കണ്ടെത്താൻ
- വീഡിയോ ക്ലിപ്പുകളുടെ ശേഖരണം

ചുമതല : സാമൂഹിക ശാസ്ത്ര അധ്യാപകർ
സാമ്പത്തികം : റൂം, ഫർണീച്ചർ, മെറ്റീരിയൽ
കാലയളവ് : രണ്ട് വർഷത്തിനുള്ളിൽ

## ഭാഷാ ലാബ്

**ലക്ഷ്യം**

- ഭാഷാപഠനം ലളിതമാക്കാൻ ഭാഷാ ലാബ്
- പഠനം ആസ്വാദ്യകരമാക്കാൻ

**നമ്മുടെ പ്രവർത്തനങ്ങൾ**

- ഭാഷാ പദപ്രശ്നങ്ങളുടെ ശേഖരണം
- സർഗ്ഗാത്മക പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള അവസരം
- റഫറൻസ് പുസ്തകങ്ങൾ

ചുമതല : ഭാഷാശാസ്ത്ര അധ്യാപകർ
സാമ്പത്തികം : ചാർട്ട്, പുസ്തകം
കാലയളവ് : രണ്ട് വർഷത്തിനുള്ളിൽ

## ആധുനിക കമ്പ്യൂട്ടർ ലാബ്

**ലക്ഷ്യം**

- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ എല്ലാ പാഠ്യ വിഷയങ്ങളുടെ പഠനവും കുട്ടിക്ക് എളുപ്പമാക്കാൻ
- IT enabled education എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ

**നടത്തുന്ന പ്രവർത്തനങ്ങൾ**

- ഒരു കുട്ടിക്ക് ഒരു കമ്പ്യൂട്ടർ എന്ന രീതിയിൽ 40 കമ്പ്യൂട്ടർ ഉള്ള ഒരു കമ്പ്യൂട്ടർ ലാബ്.
- എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ
- ഇൻവേർട്ടർ, സോളാർ പാനൽ

- നെറ്റ് കണക്ടർ, ലാൻ
- മൾട്ടിമീഡിയ റൂം, ഓൺലൈൻ ലൈബ്രറി, റിസോഴ്സ് സി.ഡി.

ചുമതല : SITC, SRG, PTA

**സാമ്പത്തികം**

- എം.എൽ.എ, എം.പി., ജില്ലാ പഞ്ചായത്ത് – നിന്ന് ഫണ്ട് ശേഖരണം
- കമ്പ്യൂട്ടർ, എൽ.സി.ഡി., ഇൻവർട്ടർ, ഫർണീച്ചർ, റൂം.

കാലയളവ് : മൂന്ന് വർഷത്തിനുള്ളിൽ

## കുട്ടിയെ അറിയാൻ

### എം.പി.ടി.എ. രൂപീകരിക്കൽ

**ലക്ഷ്യം**

- വിദ്യാലയ പ്രവർത്തനങ്ങളിൽ അമ്മമാരുടെ സേവനം ഉറപ്പാക്കാൻ

**പ്രവർത്തനം**

- എല്ലാ മേഖലകളിലും നിന്നുള്ള അമ്മമാരുടെ കൂട്ടായ്മ
- ഉച്ചക്കഞ്ഞി, പൂന്തോട്ടം, ഓണാഘോഷം മുതലായ പ്രവർത്തനത്തിൽ വീട്ടിൽ അമ്മയെ പോലെ വിദ്യാലയത്തിൽ പ്രവർത്തിക്കാൻ.
- നല്ല ശീലങ്ങൾ കണ്ടുമനസ്സിലാക്കാനും കുട്ടികളിലേക്ക് എത്തിക്കാനും.
- അമ്മമാർക്ക് ശില്പശാല

ചുമതല : ലേഡി ടീച്ചർ, ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ

സാമ്പത്തികം : ഇല്ല

കാലയളവ് : ഒരു മാസം

### എസ്.എം.സി. രൂപീകരിക്കൽ

**ലക്ഷ്യം**

വിദ്യാലയ വികസനത്തിന് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കൽ

**പ്രവർത്തനം**

- ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക

ചുമതല : ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ

സാമ്പത്തികം : ഇല്ല

കാലയളവ് : ജൂലൈ മാസം

### പൂർവ്വ വിദ്യാർത്ഥി സംഘടന

**ലക്ഷ്യം**

- വിദ്യാലയ സമൂഹ ഉന്നമനത്തിന് എന്ന ബോധ്യപെടൽ.
- വിദ്യാലയ പ്രവർത്തനങ്ങളിലും മികവാർന്ന പ്രവർത്തനങ്ങൾ പൂർവ്വവിദ്യാർത്ഥി കളിലൂടെ നേടിയെടുക്കാൻ.

**പ്രവർത്തനം**

- എസ്.എസ്.എൽ.സി. ബാച്ച് കൂടിച്ചേരൽ

- +2 ബാച്ച് കൂടിച്ചേരൽ
- വിദ്യാലയ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- വിദ്യാർത്ഥി അധ്യാപക പ്രവർത്തനങ്ങൾ ഒരു പാലം പണിയാൻ

ചുമതല : പി.ടി.എ/ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ

സാമ്പത്തികം : ഇല്ല

കാലയളവ് : ജൂലൈ മാസം

## എസ്.എസ്.ജി.

**ലക്ഷ്യം**

- വിദ്യാലയ പ്രവർത്തനത്തിൽ സമൂഹത്തിനും ഇടപെടാൻ സാമ്പത്തികമായും അക്കാദമികമായും നടപ്പിലാക്കാൻ

**പ്രവർത്തനം**

- സാമ്പത്തികമായി സഹായം ചെയ്യാൻ കഴിയുന്ന ഒരു ഗ്രൂപ്പ്
- അക്കാദമിക സഹായം നൽകാൻ കഴിയുന്ന ഒരു ഗ്രൂപ്പ്
- സാമഹിക തിന്മകൾക്ക് എതിരെ പ്രവർത്തിക്കാനും അതിൽ വിദ്യാർത്ഥികൾക്ക് അവബോധം സംഘടിപ്പിക്കാനും ഒള്ള ഗ്രൂപ്പ്
- ഗ്രന്ഥശാലകൾ അംഗങ്ങൾ
- രാഷ്ട്രീയപാർട്ടി പ്രതിനിധികൾ
- ക്ലാസ് പ്രസിഡന്റ്/സെക്രട്ടറി അംഗങ്ങൾ
- വിദ്യാഭ്യാസ പ്രവർത്തകർ
- പൂർവ്വാധ്യാപകർ
- സഹകരണ സ്ഥാപനങ്ങൾ
- വ്യവസായ ഗ്രൂപ്പുകൾ
- കലാകായിക പ്രവർത്തനത്തിൽ സഹായിക്കുക
- കുട്ടികളുടെ ഓരോ പ്രദേശത്തുള്ള പ്രവർത്തന സഹായം
- കുട്ടികൾക്ക് തനത് പ്രദേശത്ത് അക്കാദമിക പിന്തുണ

ചുമതല : എസ്.എം.സി., ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ

സാമ്പത്തികം : ഇല്ല

കാലയളവ് : ആഗസ്ത് മാസം

## കോർണർ കമ്മിറ്റി

**ലക്ഷ്യം**

- 50 വീടുകൾ അടങ്ങുന്ന ഓരോ പ്രദേശത്തും വിദ്യാലയ സപ്പോർട്ടിംഗ് ഗ്രൂപ്പ് ഉണ്ടാക്കുക.

**പ്രവർത്തനം**

- കുട്ടികൾക്ക് പഠനത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകൽ
- പഠനപിന്നോക്കക്കാരായ കുട്ടികളുടെ ഉന്നമനത്തിന്
- ആ പ്രദേശത്തെ വിദ്യാസമ്പന്നരായ വ്യക്തികളുടെ കൂട്ടായ്മ
- നേതൃത്വം ക്ലാസ്/ഗ്രന്ഥശാല മുതലായ സ്ഥാപനം
- ലഹരി/മയക്കുമരുന്ന് പിടിയിൽ അമരാതെ കുട്ടികളെ രക്ഷിക്കാൻ
- തൊഴിലിന്റെയും പഠനത്തിന്റെയും മഹത്വം കുട്ടിയെ ബോധ്യപ്പെടുത്താൻ
- വിദ്യാലയ മികവുകൾ പങ്കിടാൻ

ചുമതല : എസ്.എസ്.ജി., പി.ടി.എ, എസ്.എം.സി.
സാമ്പത്തികം : ഇല്ല
കാലയളവ് : സെപ്തംബർ മാസം

**റിസോഴ്സ് മാപ്പിംഗ്**

**ലക്ഷ്യം**

- സമൂഹത്തിലെ വിദ്യാസമ്പന്നവും കലാകായിക പ്രവർത്തകരെ വിദ്യാലയത്തിന് പ്രയോജനപ്പെടുത്തൽ

**പ്രവർത്തനം**

- വിദ്യാലയത്തിന് ചുറ്റുപാടുമുള്ള വിദ്യാസമ്പന്നരുടെ പേര് വിവരം ഫോൺ നമ്പർ സഹിതം എഴുതി വച്ച് ആവശ്യത്തിന് വിദ്യാലയത്തിൽ അല്ലെങ്കിൽ കോർണറിൽ പ്രയോജനപ്പെടുത്താം.
- കലാപ്രവർത്തനത്തിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്താം.
- കായിക പ്രവർത്തനങ്ങളിൽ സമൂഹപ്രവർത്തനങ്ങൾ ഫലപ്രദമാക്കാം.
- പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ സമൂഹപ്രവർത്തനങ്ങൾ ഫലപ്രദമാക്കാം
- സാമ്പത്തിക സഹായം നൽകുന്നവരുടെ പേര് വിവരം സൂചിപ്പിക്കും.

ചുമതല : സ്കൂൾ എസ്.ആർ.ജി., എസ്.എസ്.ജി.
സാമ്പത്തികം : ഇല്ല
കാലയളവ് : സെപ്തംബർ മാസം

# അക്കാദമിക പ്രവർത്തനങ്ങൾ

**മേഖല : മലയാളഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികളേയും മാതൃഭാഷ നന്നായി എഴുതാനും വായിക്കാനും പറയാനും പ്രാപ്തരാക്കുക. | മാതൃഭാഷയിൽ അടിസ്ഥാനശേഷി നേടുന്നതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി എഴുത്തിലും വായനയിലും മികച്ച നിലവാരത്തിൽ എത്തിക്കുക. മലയാളത്തിളക്കം, നവപ്രഭ, ശ്രദ്ധ എന്നീ ശേഷീവികസന ബോധന രീതികളിൽ കൂടി കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുക. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |
| 2. ഭാഷാപ്രയോഗസവിശേഷതകൾ ഉറപ്പിക്കൽ (വ്യാകരണ പ്രത്യേകതകൾ) | അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ, വാക്കുകളെ കൂട്ടിച്ചേർത്ത് വാക്യങ്ങൾ, ലഘുവാക്യങ്ങൾ, മഹാവാക്യങ്ങൾ എന്നിവ ബോധ്യപ്പെടുത്തി പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ പ്രാപ്തിയുള്ളവരാക്കിമാറ്റുന്നു. ചിഹ്നങ്ങൾ, ചില്ലുകൾ, എന്നിവ പരിചയപ്പെടുത്തൽ. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |
| 3. വായനയിൽ താല്പര്യം വർദ്ധിപ്പിക്കൽ | 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് ചിത്രകഥകൾ, ജിജ്ഞാനയുണർത്തുന്നതും രസകരവുമായ കഥാപുസ്തകങ്ങൾ, കാർട്ടൂൺ പുസ്തകങ്ങൾ എന്നിവ വായനക്കായി നൽകുന്നു. വായിച്ചവയിലെ കഥ പറയിക്കുന്നു. നല്ല കഥപറച്ചിലുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |

**മേഖല : മലയാളഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. പത്രം ആനുകാലികങ്ങൾ തുടങ്ങിയവ വായിക്കുന്നതിൽ താല്പര്യം വർദ്ധിപ്പിക്കുന്നു. | പ്രധാനദിനപത്രങ്ങൾ ഗ്രൂപ്പുകളിൽ വായന - വാർത്ത പറയൽ - വാർത്തകളുടെ പ്രാധാന്യം തിരിച്ച് പറയൽ, വാർത്തകളെ അവയുടെ സ്വഭാവം അനുസരിച്ച് തരംതിരിക്കൽ, നല്ല അവതാരകരെ അനുമോദിക്കൽ. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |
| 5. മാധ്യമപ്രാധാന്യം ബോധ്യപ്പെടുത്തൽ | റേഡിയോ, ടി.വി. വാർത്തകൾ കേൾപ്പിക്കൽ, വായനയുടെ പ്രത്യേകത തിരിച്ചറിയൽ, സ്കൂൾ പത്രനിർമ്മാണം. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |
| 6. ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ. | സിനിമാഗാന ആലാപനം, ബാലകവിതകളുടെ ആലാപനം, അക്ഷരശ്ലോക മത്സരം, കടങ്കഥ പറച്ചിൽ, പഴഞ്ചൊല്ലൽപരിചയം, അവയുടെ പതിപ്പ് നിർമ്മാണം, വാക്കുകളെ മറിച്ച് ചൊല്ലൽ - സ്ഥലനാമ പരിചയം. | ഹ്രസ്വകാലം മെയ് 25 മുതൽ ആഗസ്റ്റ് 10 വരെ | അധ്യാപകർ | പി.ടി.എ., എസ്.എസ്.എ. ഫണ്ട് |
| 7. കഥ, കവിത ആസ്വാദനം. | മുൻക്ലാസ്സുകളിൽ പഠിച്ച കഥ, കവിതകൾ - വായന - പ്രത്യേകതകൾ കണ്ടെത്തൽ - ലഘുകുറിപ്പുകൾ തയ്യാറാക്കൽ - ആസ്വാദനക്കുറിപ്പ് രചന | ദീർഘകാലം ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | |

**മേഖല : മലയാളഭാഷ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. ശാസ്ത്രീയവും ഫലപ്രദവുമായ വായനയെ പരിപോഷിപ്പിക്കൽ | ക്ലാസ്തല വായനക്കൂട്ടം - സ്കൂൾ ലൈബ്രറിതല വായനക്കൂട്ടം - അയൽപക്ക ഗൃഹസദസ്സുകളിലെ വായനക്കൂട്ടം - മികച്ച വായനക്കാരെ കണ്ടെത്തൽ - അനുമോദിക്കൽ. | ദീർഘകാലം ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 9. സർഗ്ഗരചനാവാസനയെ പരിപോഷിപ്പിക്കൽ | കഥ, കവിത, നാടകം, പ്രസംഗം പരിശീലനക്കളരികൾ - സാഹിത്യകാരന്മാരെ പരിചയപ്പെടലും അഭിമുഖവും, എഴുത്തുകാരുടെ ഭവന സന്ദർശനം - മികച്ച ലൈബ്രറികൾ സന്ദർശനം. സർഗ്ഗരചനാ ക്യാമ്പുകൾ - സർഗ്ഗരചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമ്മാണം. | ദീർഘകാലം ഏപ്രിൽ മെയ് മുതൽ മാർച്ച് 31 വരെ | അധ്യാപകർ | എസ്.എസ്.എ. |
| 10. അഭിനയപ്രകടന അഭിരുചി കണ്ടെത്തി വളർത്തൽ. | അഭിനയക്യാമ്പുകൾ - അഭിനേതാക്കളുമായി പരിചയപ്പെടൽ (നാടകം, മൂകാഭിനയം തുടങ്ങിയവ) | ദീർഘകാലം ഏപ്രിൽ മെയ് മുതൽ മാർച്ച് 31 വരെ | അധ്യാപകർ | എസ്.എസ്.എ. |
| 11. കുട്ടികളുടെ മികവ് ബോധ്യപ്പെടൽ. | കുട്ടികൾക്ക് വിവിധ മേഖലകളിൽ ഉണ്ടായ മാറ്റവും പുരോഗതിയും കുട്ടികളെയും രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്തൽ - മികവ് പ്രദർശനം - സ്കൂൾ വാർഷികം | മാർച്ച് ഏപ്രിൽ മാസങ്ങൾ | | എസ്.എസ്.എ. |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനം | കാലയളവ് | അടങ്കൽ (ചെലവ് തുക) | സംഘാടകർ |
|---|---|---|---|---|
| വിദ്യാർത്ഥികൾ നിർമ്മിക്കുന്ന മാസികകൾ. (കൈയ്യെഴുത്ത്മാസികകൾ) അക്ഷരനൈപുണി നേടുന്നു. നിഘണ്ടു നിർമ്മിക്കുന്നു. | പുതിയ വാക്കുകൾകണ്ടെത്തുന്നു. ആശയങ്ങൾ കൈമാറുന്നു. അക്ഷരത്തെറ്റുകൾ മനസ്സിലാക്കുന്നു. (കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരണം) | ജൂൺ | 1000 രൂപ | സ്കൂൾ പി.ടി.എ.യുടെ നിർദ്ദേശം |
| | അക്ഷരമാല ക്രമത്തിൽ വാക്കുകൾ ക്രമീകരിക്കുന്നു. അർത്ഥം മനസ്സിലാക്കുന്നു. വാക്കുകളുടെ ക്രമീകരണത്തിലൂടെ പുതിയ വാക്യങ്ങൾ കണ്ടെത്തുന്നു. (നിഘണ്ടുനിർമ്മാണം) | ജൂലൈ | 1000 രൂപ | സ്കൂൾ പി.ടി.എ. |
| വായന- പഴയതും പുതിയതുമായ പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ തുടങ്ങിയവ | വായനാസാമഗ്രിയുടെ സാധ്യതയിലൂടെ വിദ്യാർത്ഥികൾ നൈപുണി നേടുന്നു. ഹ്രസ്വങ്ങളായ രചനകൾ അവർ പ്രസിദ്ധീകരണത്തിനയയ്ക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | 5000 രൂപ | പി.ടി.എ. സ്കൂൾ പ്രിൻസിപ്പാൾ |
| പ്രസിദ്ധരായ കവികളുടെ കവിതകൾ പഠനവിധേയമാക്കുന്നു. | ആധുനിക നിരൂപകരിൽ ലഭ്യമായ പ്രശസ്തരുമായി ചർച്ച സംഘടിപ്പിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നു. | നവംബർ | 1000 രൂപ | പി.ടി.എ. സ്കൂൾ പ്രിൻസിപ്പാൾ |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനം | കാലയളവ് | അടങ്കൽ (ചെലവ് തുക) | സംഘാടകർ |
|---|---|---|---|---|
| ആധുനിക ആശയവിനിമയ സാധ്യത നെറ്റ്, ബ്ലോഗുകൾ എന്നിവയിൽ പ്രാവീണ്യം നേടുന്നു. (കമ്പ്യൂട്ടർ, ലാപ്ടോപ് എന്നിവ) | മലയാള ഭാഷയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള വികാസ പരിണാമങ്ങളെക്കുറിച്ച് വിവരശേഖരണത്തിലൂടെ കുറിപ്പുകൾ എഴുതുന്നു. ബ്ലോഗുകൾ പരിചയപ്പെട്ട് പുതിയ നിർമ്മിതികൾ അതിൽ പ്രസിദ്ധീകരിക്കുന്നു. | ഡിസംബർ | 25000 | സ്കൂൾ ഐ.സി.ടി. സെല്ലിൽ നിന്നുള്ള ഉപകരണങ്ങൾ |
| പ്രദർശനം | മാനവ ശേഷി വികസനം, ദേശീയ പുരോഗതി, തൊഴിൽ സന്നദ്ധത, മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക എന്നീ ഉദ്ദേശ്യത്തോടെ ദേശീയ അന്തർദേശീയ തലങ്ങളിലുള്ള മികച്ച സിനിമകൾ, നാടകങ്ങൾ, ഡോക്യുമെന്ററികൾ, കൃതികൾ എന്നിവ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നു). | ജനുവരി | 20,000 | സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്തിന്റെ ധനസഹായത്തോടെ നടത്തുന്നു. |
| കുട്ടികൾ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു. (മൂല്യനിർണ്ണയം) | ലഘുനാടകങ്ങൾ, മൂകാഭിനയങ്ങൾ, ഡോക്യുമെന്ററികൾ, മൂല്യങ്ങളുള്ള മാതൃകാപരമായ കഥാകഥനങ്ങൾ, കാർട്ടൂൺ ചിത്രീകരണം മുതലായവ. | ഫെബ്രുവരി മാർച്ച് | 3,000 | സ്കൂൾ കമ്മിറ്റി |

**മേഖല : അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഈസി അറബിക്<br>അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പദ്ധതി. | - ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>- അക്ഷരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുന്ന കുട്ടികളെ അനിമേഷൻ, ഗെയിംസ് ഉപയോഗിച്ച് ആസ്വദിച്ച് പഠനം മുന്നോട്ട് കൊണ്ടുപോകാനുള്ള പദ്ധതി. | 3 മാസം | പുസ്തകങ്ങൾ<br>പ്രോജക്ടർ | |
| 2. വായന<br>ലക്ഷ്യം : കുട്ടിയെ നല്ല വായനക്കാരനാക്കി വായനയുടെ ലോകത്തേക്ക് കൊണ്ടുപോവുക. | 1. തെരഞ്ഞെടുത്ത ലളിതമായ പുസ്തകങ്ങൾ ഉപയോഗിച്ച് കൊണ്ട് ലൈബ്രറി.<br>- ചിത്രകഥ<br>- കുട്ടി കവിതകൾ<br>- അറബി ക്വിസ്<br>2. ക്ലാസ് വായന<br>- ആഴ്ചയിൽ ഒരു പിരിയഡ് വായനയ്ക്ക് (ഓരോ കുട്ടിയും 5 മിനിറ്റ്/1 പേജ് വായിക്കുന്നു) അവസരം നൽകുന്നു. | 10 മാസം | - സ്കൂൾ ലൈബ്രറി<br>- ക്ലാസ് ലൈബ്രറി | - ഓരോ കുട്ടിയും ഒരു പുസ്തകം സംഭാവന ചെയ്യുന്നു.<br>- മുതിർന്ന കുട്ടികൾ |
| 3. സാഹിത്യസമാജം | - പാട്ട്, എഴുത്ത്, അഭിനയം തുടങ്ങിയ മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി കഴിവ് പരിപോഷിപ്പിക്കാൻ രണ്ടാഴ്ചയിലൊരിക്കൽ സമാജം ചേരുക. | 8 മാസം | സ്കൂൾ ഹാൾ<br>ലാബ്<br>എൽ.സി.ഡി. | |

**മേഖല : അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 4. ലാംഗ്വേജ് ലാബ്<br>ലക്ഷ്യം : കഥകൾ, അനിമേഷൻ, ഭാഷാ ശൈലി തുടങ്ങിയ നേരിട്ട് അനുഭവിച്ചറിയാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. | - നേരത്തെ ഡൗൺലോഡ് ചെയ്ത വിഭവങ്ങൾ നൽകി കുട്ടികളെ കഴിവുകൾ പരിപോഷിപ്പിക്കാനും ഭാഷ പഠിക്കാനും അനുഭവിച്ചറിയാനും അവസരം നൽകുന്നു. | 1 വർഷം | എൽ.സി.ഡി.<br>ലാബ് | |
| 5. പദപരിചയം<br>ലക്ഷ്യം : പദസമ്പത്ത് വളർത്തൽ | - ഒരു കുട്ടി ഓരോ ദിവസവും നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഒരു പദം പരിചയപ്പെടുത്തുന്നു.<br>- വാക്കുകൾ പുസ്തകത്തിൽ എഴുതി 5-ാം മാസം പരീക്ഷ നടത്തി ഏറ്റവും കൂടുതൽ പദസമ്പത്തുള്ള കുട്ടിക്ക് സമ്മാനം നൽകുന്നു. | 5 മാസം | | |
| 6. അറബി അസംബ്ലി | - വർഷത്തിൽ ഒരു ദിവസം കുട്ടികൾ അസംബ്ലി നടപടിക്രമങ്ങൾ അറബിയിൽ അവതരിപ്പിക്കുന്നു. | 1 ദിവസം | | |

**മേഖല : അറബിക്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 7. അറബി ദിനാചരണം<br>ലക്ഷ്യം: ഡിസം. 18<br>അറബി ദിനാചരണവും ഭാഷയുടെ പ്രാധാന്യം മറ്റുള്ള കുട്ടികളെ അറിയിക്കലും<br><br>എഴുത്ത് | - പ്രദർശനം<br>- മത്സരങ്ങൾ<br>- അറബിയിലെ പ്രമുഖ പണ്ഡിതരെ കൊണ്ടുവന്ന് കുട്ടികളുമായി സംവാദം.<br><br>മാഗസിൻ | | | |
| മത്സരങ്ങൾ | വിദ്യാർത്ഥികളുടെ കഴിവ് കലോത്സവങ്ങളിൽ പ്രകടമാക്കുന്നതിനായി സാഹിത്യോത്സവ പരിപാടികളിൽ പരിശീലനം. | | | |
| ദിനാചരണങ്ങൾ | പ്രധാനദിനങ്ങൾ അധ്യാപകരുടെ സഹായത്തോടുകൂടി ആചരിക്കുന്നു.<br>- പോസ്റ്റർ<br>- മത്സരങ്ങൾ | | | |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനം | കാലയളവ് | അടങ്കൽ (ചെലവ് തുക) | സംഘാടകർ |
|---|---|---|---|---|
| വിദ്യാർത്ഥികൾ നിർമ്മിക്കുന്ന മാസികകൾ. (കൈയ്യെഴുത്ത്മാസികകൾ) അക്ഷരനൈപുണി നേടുന്നു. നിഘണ്ടു നിർമ്മിക്കുന്നു. | പുതിയ വാക്കുകൾകണ്ടെത്തുന്നു. ആശയങ്ങൾ കൈമാറുന്നു. അക്ഷരത്തെറ്റുകൾ മനസ്സിലാക്കുന്നു (കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരണം) | ജൂൺ | 1000 രൂപ | സ്കൂൾ പി. ടി. എ.യുടെ നിർദ്ദേശം |
| | അക്ഷരമാല ക്രമത്തിൽ വാക്കുകൾ ക്രമീകരിക്കുന്നു. അർത്ഥം മനസ്സിലാക്കുന്നു. വാക്കുകളുടെ ക്രമീകരണത്തിലൂടെ പുതിയ വാക്യങ്ങൾ കണ്ടെത്തുന്നു. (നിഘണ്ടുനിർമ്മാണം) | ജൂലൈ | 1000 രൂപ | സ്കൂൾ പി.ടി.എ. |
| വായന - പഴയതും പുതിയതുമായ പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ തുടങ്ങിയവ | വായനാസാമഗ്രിയുടെ സാധ്യതയിലൂടെ വിദ്യാർത്ഥികൾ നൈപുണി നേടുന്നു. ഹ്രസ്വങ്ങളായ രചനകൾ അവർ പ്രസിദ്ധീകരണത്തിനയയ്ക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | 5000 രൂപ | പി.ടി.എ. സ്കൂൾ പ്രിൻസിപ്പാൾ |
| പ്രസിദ്ധരായ കവികളുടെ കവിതകൾ പഠനവിധേയമാക്കുന്നു. | ആധുനിക നിരൂപകരിൽ ലഭ്യമായ പ്രശസ്തരുമായി ചർച്ച സംഘടിപ്പിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നു. | നവംബർ | 1000 രൂപ | പി.ടി.എ. സ്കൂൾ പ്രിൻസിപ്പാൾ |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനം | കാലയളവ് | അടങ്കൽ (ചെലവ് തുക) | സംഘാടകർ |
|---|---|---|---|---|
| ആധുനിക ആശയവിനിമയ സാധ്യത നെറ്റ്, ബ്ലോഗുകൾ എന്നിവയിൽ പ്രാവീണ്യം നേടുന്നു. (കമ്പ്യൂട്ടർ, ലാപ്ടോപ് എന്നിവ) | ഭാഷയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള വികാസ പരിണാമങ്ങളെക്കുറിച്ച് വിവരശേഖരണത്തിലൂടെ കുറിപ്പുകൾ എഴുതുന്നു. ബ്ലോഗുകൾ പരിചയപ്പെട്ട് പുതിയ നിർമ്മിതികൾ അതിൽ പ്രസിദ്ധീകരിക്കുന്നു. | ഡിസംബർ | 25000 | സ്കൂൾ ഐ.സി.ടി. സെല്ലിൽ നിന്നുള്ള ഉപകരണങ്ങൾ |
| പ്രദർശനം | മാനവ ശേഷി വികസനം, ദേശീയ പുരോഗതി, തൊഴിൽ സന്നദ്ധത, മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക എന്നീ ഉദ്ദേശ്യത്തോടെ ദേശീയ അന്തർദേശീയ തലങ്ങളിലുള്ള മികച്ച സിനിമകൾ, നാടകങ്ങൾ, ഡോക്യുമെന്ററികൾ, കൃതികൾ എന്നിവ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നു). | ജനുവരി | 20,000 | സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്തിന്റെ ധനസഹായത്തോടെ നടത്തുന്നു. |
| കുട്ടികൾ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു. (മൂല്യനിർണ്ണയം) | ലഘുനാടകങ്ങൾ, മൂകാഭിനയങ്ങൾ, ഡോക്യുമെന്ററികൾ, മൂല്യങ്ങളുള്ള മാതൃകാപരമായ കഥാകഥനങ്ങൾ, കാർട്ടൂൺ ചിത്രീകരണം മുതലായവ. | ഫെബ്രുവരി മാർച്ച് | 3,000 | സ്കൂൾ കമ്മിറ്റി |

# ಹೈಯರ್ ಸೆಕೆಂಡರಿ - ಕನ್ನಡ ಭಾಷೆ

